**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **17-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ അനധികൃത നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ മുൻ സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകൾക്ക് വിരുദ്ധമായും പി.എസ്.സി. ചട്ടങ്ങൾക്ക് വിരുദ്ധമായും ഇല്ലാത്ത ഒഴിവുകൾ ഉള്ളതായി പി.എസ്.സി.യെ തെറ്റിദ്ധരിപ്പിച്ച് ഫ്രഷ് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് അനധികൃത നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2019-ലെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ച ഉത്തരവിലും സഹകരണ വകുപ്പിന്റെ വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിലും കോഴിക്കോട് ജില്ല സഹകരണ ബാങ്കിൽ അനധികൃത നിയമനം നടന്നെന്ന് വ്യക്തമാകുന്നുണ്ടോ; | (ബി) | സഹകരണ വിജിലൻസിനെ കൊണ്ട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസിന്റെ നേതൃത്വത്തിൽ അന്വേഷണം പുരോഗമിച്ച് വരുന്നു. |
| (സി) | എങ്കിൽ ഈ അനധികൃത നിയമനങ്ങൾ മൂലം അവസരം നഷ്ടപ്പെട്ട കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്/ക്യാഷ്യർ റാങ്ക് ലിസ്റ്റിൽ പെട്ട ഉദ്യോഗാർഥികൾക്ക് അവസരം നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | (സി) | കോഴിക്കോട് ജില്ലാ ബാങ്ക് KSCB യുടെ ഭാഗമായ സാഹചര്യത്തിൽ വിഷയത്തിലെ നിയമവിഷയങ്ങൾ പരിശോധിച്ച് മാത്രമേ ഒരു തീരുമാനത്തിൽ എത്താനാകൂ. |

സെക്ഷൻ ഓഫീസർ